# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26.

## ആമുഖം

21-ാം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ വിസ്മയങ്ങൾ സമീപത്ത് നിൽക്കുമ്പോൾ, അറിവ് അധ്യാപികമാരുടെയും മാനവികതയുടെയും സംയോജനമായി രൂപാന്തരപ്പെടുന്നു. നമ്മുടെ കുട്ടികൾ ഓരോരുത്തരും കഴിവിലും ചിന്തയിലും വ്യത്യസ്തരാണ്. അവരിൽ നിന്നും ഏറ്റവും നല്ല പ്രതികരണങ്ങൾ ലഭിക്കാനും ഏറ്റവും നല്ല മനുഷ്യരായി രൂപാന്തരപ്പെടുത്താനും അനുയോജ്യമായ പഠന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2025-26 അധ്യയന വർഷത്തേക്കുള്ള സ്കൂളിലെ 'അക്കാദമിക് മാസ്റ്റർ പ്ലാൻ' എന്നത് സമഗ്രമായുള്ള വിദ്യാലയത്തിന്റെ ശാസ്ത്രീയ പ്രവർത്തന രേഖയാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ആ ബോധ്യം ഉൾക്കൊണ്ട് തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ.

വിദ്യാർത്ഥികളുടെ പഠനപരിസരം ഉൾക്കൊണ്ട്, കുട്ടിയുടെ സമഗ്രമായ ഉന്നമന ലക്ഷ്യം കണ്ട്, അധ്യാപികരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന, വിവിധ പഠനമാധ്യമങ്ങൾ ചേർന്നുള്ള സാങ്കേതിക വിദ്യയുടെ അനുഭവം കുട്ടിക്ക് ഉറപ്പുവരുത്തുന്ന ഒരു അക്കാദമിക് മാസ്റ്റർ പ്ലാനാണ് ടീം ഇരിങ്ങല്ലൂർ ഈസ്റ്റ് ഇവിടെ അവതരിപ്പിക്കുന്നത്.

പുതിയ പാഠ്യപദ്ധതിയുടെ ആഴത്തിലുള്ള വിശകലനം, പാഠ്യാനുബന്ധ പാഠ്യേതര പ്രവർത്തനങ്ങളുടെ സമന്വയം, വായനയ്ക്ക് പ്രോത്സാഹനം നൽകുന്ന വിവിധ പ്രവർത്തനങ്ങൾ, സ്കൂൾ/ക്ലാസ്സ്/അയൽപക്ക അമ്മ ലൈബ്രറികളുടെ ഉപയോഗം, നൂറാം വാർഷികാഘോഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഇവയെല്ലാം ചേർത്തുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള ശ്രമമാണ് ഈ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും സമൂഹത്തിന്റേയും ഉ. പിന്തുണ പ്രതീക്ഷിക്കുന്നു. എല്ലാവരും ഒത്തൊരുമിച്ച് നിൽക്കുമ്പോൾ വിജയം സ്വാഭാവികമായി സംഭവിക്കും.

നമ്മുടെ പിഞ്ചുകുട്ടികളെ ഉയരങ്ങളിലേക്ക് എത്തിക്കുന്ന, സർഗ്ഗ വിദ്യാഭ്യാസ കവാടങ്ങൾ തുറന്നുകൊടുക്കുന്ന ഒരു വലിയ വാതിലാണ് ഈ അക്കാദമിക് പ്ലാൻ.

വിദ്യാർത്ഥികളുടെ ഭാവിയുടെ ശിൽപ്പി...
അവരുടെ മനസ്സിൽ നക്ഷത്രങ്ങളുള്ള സ്വപ്നങ്ങളുണ്ടാകുമെന്ന പ്രതീക്ഷയോടെ,
പിന്തുണയോടെ..., പ്രതിബദ്ധതയോടെ
ഈ അക്കാദമിക് പ്ലാൻ സമർപ്പിക്കട്ടെ,

ടീം ഇരിങ്ങല്ലൂർ ഈസ്റ്റിന് വേണ്ടി)

അലക്സ് ജോൺ
ഹെഡ്മാസ്റ്റർ.

## ഫീൽഡ് ട്രിപ്പ്

## അനുഭവങ്ങളിലൂടെ അറിവിലേക്ക്

വിദ്യാർത്ഥികൾക്ക് കൃത്യമായ രീതിയിൽ പരിശീലനം പഠനം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ പഠനം ഈ വിദ്യാലയത്തിൽ ഏറെ സജീവമായി നടത്തുന്ന പഠന പ്രക്രിയയാണ്.

ഇതിന്റെ ഭാഗമായി നടത്തുന്ന ഫീൽഡ് ട്രിപ്പ് കുട്ടികളിൽ വലിയ ഉണർവ്വ് സൃഷ്ടിക്കുന്നതിന് കാരണമാകുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. കുട്ടികളിൽ ചോദ്യം ചോദിക്കാനുള്ള അന്വേഷിക്കാനുള്ള താൽപര്യം ജനിപ്പിക്കാനും മറ്റു കുട്ടികളുമായി സംവദിച്ച് പ്രവർത്തിക്കാനുള്ള മനോഭാവം, സാമൂഹിക ബോധം എന്നിവ ഉടലെടുക്കുന്നു.

പഠന ലക്ഷ്യം:- വിദ്യാർത്ഥികളിൽ ഗവേഷണ ശേഷി, നിരീക്ഷണ ശക്തി, അന്വേഷണ വിനിമയം, സംവേദനം എന്നിവ വളരുന്നു.

ഈ വർഷം ഏതാണ്ട് 12 ഓളം ഫീൽഡ് ട്രിപ്പുകളാണ് നടപ്പിലാക്കിയ പഠനത്തിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## സെപ്തംബർ

ലോക വിനോദ സഞ്ചാര ദിനം.

വിനോദ പ്രാധാന്യമുള്ള സ്ഥലങ്ങളിലെ ചിത്രം ശേഖരിക്കുക കൂടെ - വിനോദയാത്രയുടെ പ്രാധാന്യം.

(സ്കൂൾ ടൂർ ഇതിന്റെ) ബാനറിൽ -

## ഒക്ടോബർ.

* ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട പാലാണിയിലെ ആഴി വനിതാ ഹോട്ടലിലേക്ക് - ഹോട്ടലിന്റെ ഒരു ദിവസം ജീവനക്കാരുമായി - ഭക്ഷ്യവസ്തുക്കളുടെ ശരിയായ ഉപയോഗം.

* ദേശീയ തപാൽ ദിനം

വേങ്ങര പോസ്റ്റോഫീസ് സന്ദർശനം.

* അത്താണി (ചുമടുതാങ്ങി തേടി)

(കൊടങ്ങൽ കാവതിക്കുളം)

(സ്പെക്ട്രം ശാസ്ത്ര ക്ലബ്ബ്)

# പഠനോത്സവം

പഠനത്തെ ആസ്വാദ്യകരമാക്കുന്നതിനും കുട്ടികളുടെ വിവിധ കഴിവുകൾ പുറത്തെടുക്കുന്നതിനും സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയാണ് പഠനോത്സവം.

പഠിച്ച കാര്യങ്ങൾ പ്രായോഗികമായി അവതരിപ്പിക്കാൻ അവസരമൊരുക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അറിവിനും ആനന്ദത്തിനും ഇടയാകുന്ന ഈ ഉത്സവം കുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും സഹപാഠികളുമായും അധ്യാപകരുമായും നല്ല ബന്ധം വളർത്താനും സഹായിക്കുന്നു. പാഠപുസ്തകത്തിന് പുറത്തേക്ക് ജീവിതത്തിലേക്കുള്ള അറിവ് വളർത്തുന്നു.

🎯 ക്ലാസ് പി.ടി.എയുടെ പ്രധാന ലക്ഷ്യങ്ങൾ

1. രക്ഷിതാക്കളെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ സജീവമായി ഉൾപ്പെടുത്തുക

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ രക്ഷിതാക്കളെ പങ്കാളികളാക്കുക.

വീടും സ്കൂളും തമ്മിൽ ഉചിതമായ ബന്ധം ഉറപ്പാക്കുക.

2. പഠന പുരോഗതിയുടെ നിരീക്ഷണവും അവലോകനവും ഉറപ്പാക്കുക

കുട്ടികളുടെ പഠനതലത്തിൽ നടക്കുന്ന മാറ്റങ്ങൾ പി.ടി.എ യോഗങ്ങളിൽ പങ്കുവെക്കുക.

പരീക്ഷാ ഫലങ്ങൾ, അധ്യാപക അഭിപ്രായങ്ങൾ, പ്രവർത്തന ഫയലുകൾ എന്നിവ പകർന്നു നൽകുക.

3.കുട്ടികളുടെ ഉച്ചരിക്കുകയും അറിയുകയും ചെയ്യുന്ന വിഷയങ്ങളിൽ കൈകോർക്കുക

ഭയരഹിതമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനായി മാതാപിതാക്കളിൽ ബോധവൽക്കരണം നടത്തുക.

അച്ചടക്കപരമായ വിഷയങ്ങൾക്കും വിദ്യാഭ്യാസ സഹായത്തിനും രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുക.

4.പാഠപദ്ധതിയുടെ ഫലപ്രദമായ നടപ്പിലാക്കലിന് പിന്തുണ നൽകുക

ക്ലാസിലുടനീളം SCERT പാഠ്യപദ്ധതി പ്രകാരമുള്ള പഠനം നടപ്പാക്കുന്നതിൽ രക്ഷിതാക്കളെ അറിയിക്കുക.

പുസ്തകങ്ങൾ, പഠനസഹായികൾ, ഹോംവർക്ക് എന്നിവയിൽ ശ്രദ്ധകേന്ദ്രമാക്കുക.

5.വിദ്യാർത്ഥികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ഉന്നതവളർച്ചയ്ക്ക് സാധ്യത ഒരുക്കുക.

ഓരോ കുട്ടിയുടെയും പ്രതിഭ തിരിച്ചറിഞ്ഞ് ഉചിതമായ മാർഗനിർദ്ദേശങ്ങൾ നൽകാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുക.

**Portfolios**, പ്രദർശനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയിലൂടെയും മാതൃകയാകുന്ന കുട്ടികളെ അംഗീകരിക്കാനും സഹായിക്കുക.

6.പാഠപുസ്തകത്തിൽപ്പുറത്തുള്ള വിജ്ഞാനലോകത്തേക്കുള്ള വായന, ഭാഷാവികസനം, സംവേദനം മുതലായവ വളർത്തുക

വായനാദിനം, മാതാപിതാക്കളുടെ കഥാപ്രവചനം, ഭാഷാ ഗെയിമുകൾ മുതലായവയിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തുക.

കുട്ടികൾക്ക് സാങ്കേതിക സഹായം (ഡിജിറ്റൽ പഠനം) ലഭ്യമാക്കുന്നതിലും പങ്കാളിയാകുക.

മാസങ്ങൾ അനുസരിച്ച് ക്ലാസ് പി.ടി.എ പദ്ധതി - A.M.L.P.S. ഇരിങ്ങല്ലൂർ ഈസ്റ്റ് (2025-26)

ഈ പദ്ധതി സ്കൂളിലെ എല്ലാ ക്ലാസുകളിലുമുള്ള ക്ലാസ് പി.ടി.എ യോഗങ്ങൾ ഏകീകരിച്ച് മാസാനുസൃതമായി തയ്യാറാക്കിയതാണ്. രക്ഷിതാക്കളെ കുട്ടികളുടെ പഠനത്തിൽ സജീവമായി പങ്കെടുപ്പിക്കാനും, അവരുമായി സ്ഥിരമായ സമ്പർക്കം ഉറപ്പാക്കാനും ഈ പദ്ധതി സഹായകരമാകും.

| മാസം | പ്രധാന ക്ലാസ് പി.ടി.എ പ്രവർത്തനം | ഉദ്ദേശ്യം |
|---|---|---|
| ജൂൺ | ഓറിയന്റേഷൻ പി.ടി.എ ഒന്നാം ക്ലാസ്സ് | പുതിയ അധ്യയനവർഷം സംബന്ധിച്ച വിശദീകരണവും രക്ഷിതാക്കളെ കൈപ്പിടിയിലാക്കലും |
| ജൂലൈ | യൂണിറ്റ് ടെസ്റ്റ് അനുസരിച്ചുള്ള പി.ടി.എ രണ്ടാം ക്ലാസ്സ് മുതൽ 4 ക്ലാസ്സ് വരെ | പഠനത്തിന്റെയും ആദ്യഘട്ട പരീക്ഷഫലത്തിന്റെയും വിശദീകരണം പഠനനേട്ടങ്ങൾ സ്കീം ഓഫ് വർക്ക് |
| സെപ്റ്റംബർ | ഓണം അവധിക്ക് ശേഷം ക്ലാസ്സ് പി.ടി.എ | പാദവാർഷിക മൂല്യനിർണയം വിലയിരുത്തൽ പരിഹാരബോധനം |

| | പാതവാർഷിക മൂല്യനിർണയം | ശതാരവം |
|---|---|---|
| ജനുവരി | അർദ്ധ വാർഷിക പരീക്ഷാ ഫലം ക്ലാസ്സ് പി.ടി.എ | അർദ്ധ വാർഷിക ഫലം വിശദീകരിക്കുകയും പുതിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്യുക. |
| ഫെബ്രുവരി | വാർഷിക പരീക്ഷയ്ക്ക് മുന്നോടിയായ പി.ടി.എ | ആവർത്തന പദ്ധതിയും പ്രത്യേക പിന്തുണയും |
| മാർച്ച് | വാർഷിക പി.ടി.എ + ഫല വിതരണം | പൂർണ്ണവർഷത്തിനുള്ള പഠന പുരോഗതി വിലയിരുത്തൽ |

📌 പ്രത്യേക ശ്രദ്ധ നൽകേണ്ട വിഷയങ്ങൾ:

ഓരോ ക്ലാസ് പി.ടി.എ യോഗത്തിനും കുറിപ്പ്, നിരീക്ഷണ രേഖ, പങ്കെടുക്കുന്ന രക്ഷിതാക്കളുടെ പട്ടിക.

കുട്ടികളുടെ **Portfolios**, പ്രവർത്തന ഫയലുകൾ, **Projects** തുടങ്ങിയവ രക്ഷിതാക്കളുമായി ചർച്ച ചെയ്യുക.

കുട്ടികളുടെ സമ്മാനങ്ങൾ, **Star of the Month, Reading** *Champion* മുതലായവ PTA യിൽ പ്രഖ്യാപിക്കുക.

1. <u>ഉയരെ-വിജയസ്പർശം</u>

ലക്ഷ്യങ്ങൾ:

പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുഞ്ഞുങ്ങളെ പഠനത്തിൽ മുൻപന്തിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചത്. മലയാളം, ഗണിതം ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

പ്രവർത്തനങ്ങൾ

* മലയാളം

- അക്ഷരങ്ങൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ
- അക്ഷരത്തിന്റെ ഉച്ചാരണം.
- സ്ട്രോക്ക്
- അക്ഷര ഉറപ്പിക്കൽ -
- അക്ഷരപ്പാട്ട്
- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ആഭരണമണിയൽ
- അക്ഷരങ്ങളുടെ ആവർത്തനം-

- കുഞ്ഞുകഥകൾ
- വർക്ക് ഷീറ്റുകൾ

ഇംഗ്ലീഷ് - പ്രവർത്തനങ്ങൾ

- Missing letters
- story
- description
- Rhymes
- Riddles
- worksheet

ഗണിതം - പ്രവർത്തനങ്ങൾ

- സംഖ്യാമാല
- സങ്കലന പിരമിഡ്
- വ്യവകലന പിരമിഡ്
- പാറ്റേണുകൾ കണ്ടെത്തൽ
- സംഖ്യാനൃപൽ
- സ്ഥാനവില

- മികച്ച വിദ്യാഭ്യാസത്തിനുള്ള വഴി തുറക്കുക
- വിദ്യാർത്ഥികളിലെ മത്സരബോധം വളർത്തുക.

പ്രവർത്തനങ്ങൾ

- എല്ലാ വിഷയത്തിനും പ്രത്യേക പരിശീലനങ്ങൾ
- G.K പ്രത്യേക പരിശീലനം
- 50 model Exams.
- വിവിധ സംഘടനകൾ നടത്തുന്ന മോഡൽ പരീക്ഷകളിൽ പങ്കെടുപ്പിക്കൽ.

## കാലയളവ്

ജൂലൈ മുതൽ ഫെബ്രുവരി വരെ

## വിജയപർവ്വം

### ആമുഖം

എൽ.എസ്.എസ് പരീക്ഷ കേരളത്തിലെ നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന ഒരു സ്കോളർഷിപ്പ് പരീക്ഷയാണ്. ഈ പരീക്ഷ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പരീക്ഷാഭവൻ നടത്തുന്ന പദ്ധതിയുടെ ഭാഗമായാണ് yearly സ്കോളർഷിപ്പ് പരീക്ഷകളെയു ആയി നടക്കുന്നത്. വിദ്യാർത്ഥികളുടെ പഠനകഴിവുകളെയും മൗലികവിദ്യാഭ്യാസത്തിലെ താൽപര്യം വിലയിരുത്തുന്നതിന് ഈ പരീക്ഷ ലക്ഷ്യമിടുന്നു.

### ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിലെ അക്കാദമികകഴിവുകൾ കണ്ടെത്തുക.
- പഠനത്തിന് ഉത്സാഹവും പ്രചോദനവും നൽകുക.
- സമാനതരായ അവസരങ്ങൾ സൃഷ്ടിക്കുക.
- പാഠ്യേതര പഠനകഴിവുകളെ മെച്ചപ്പെടുത്തുക.

ശലഭം നഴ്സറി പ്രീപ്രൈമറി
വിഭാഗം ഇരിങ്ങല്ലൂർ ഈസ്റ്റ് എ.
എം എൽ പി സ്കൂൾ പാലാണി
അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## ആമുഖം

അതി ഗൗരവതരമായ പാഠഭാഗങ്ങളിലൂടെയോ പരിശീലനങ്ങളിലൂടെയോ അല്ല ഒരു കുട്ടിയുടെ പഠനം ആരംഭിക്കുന്നത്. ഒരു കുഞ്ഞിന്റെ വിദ്യാ യാത്ര മൂന്നോ നാലോ വയസ്സിൽ ആരംഭിക്കുന്നത് സ്പർശത്തിലൂടെ, കേൾക്കലിലൂടെ, വർണ്ണക്കളിലൂടെ ഒക്കെയാണ്. നഴ്സറി വിഭാഗം ഒരു കുട്ടിയുടെ ആത്മവിശ്വാസത്തിന്റെ ആദ്യത്തെ പടവാണ്. അതിനാൽ സൗഹൃദപരമായ അന്തരീക്ഷം നിലനിർത്തി പാട്ടും കളിയും പഠനവുമൊക്കെ സംയോജിപ്പിച്ചിട്ടുള്ള ഒരു [illegible]യാണ് ഈ അക്കാദമിക് മാസ്റ്റർ മുമ്പോട്ട് വെക്കുന്നത്. ഒറ്റവാചകത്തിൽ പറയുകയാണെങ്കിൽ കുട്ടിയെ പഠിക്കാൻ പഠിപ്പിക്കുകയാണ് നഴ്സറി ക്ലാസു-കളിൽ ഞങ്ങൾ ലക്ഷ്യമിടുന്നത്.

പ്രധാന ഉദ്ദേശ്യങ്ങൾ

1. കുട്ടിയുടെ മാനസിക വികസനം ത്വരിതപ്പെടുത്തൽ.
2. കുട്ടിയുടെ മാനസിക, ശാരീരിക, സാമൂഹിക, വൈകാരിക വളർച്ചയ്ക്ക് പിന്തുണ നൽകാൻ.
3. കുട്ടിയുടെ അറിവ് തേടൽ സ്വഭാവം പ്രോത്സാഹിപ്പിക്കൽ
4. ലേഖന പ്രവർത്തനത്തിന് കുട്ടിയുടെ വിരലുകളെ സജ്ജമാക്കൽ അതിനാവശ്യമായ നിരവധി പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകൽ.
5. വായന, പാട്ട് പാടൽ, മുത്ത് പൊറുക്കൽ, ചിത്രം വരയ്ക്കൽ, നിറം കൊടുക്കൽ, സംഘകളികളിൽ ഏർപ്പെടൽ തുടങ്ങിയവയിലൂടെ പഠനത്തിന് വേണ്ടിയുള്ള സമയം സൃഷ്ടിച്ചെടുക്കൽ.

ഇതിനു വേണ്ടി പതിവ് പ്രവർത്തനങ്ങൾക്ക് പുറമെ ഞങ്ങൾ നൽകുന്ന മികവ് പ്രവർത്തനങ്ങൾ.

1. കുഞ്ഞു വായന
2. കുഞ്ഞു കഥ
3. പത്രവായന
4. കടങ്കഥ പയറ്റ്.

## കുഞ്ഞുവായന

വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുവാനും അതിലൂടെ അറിവുകൾ നേടുവാനും ഈ കുഞ്ഞു-വായന കുട്ടികളെ വളരെ അധികം പ്രയോജനപ്പെടുത്തുന്നു. ഈ കുഞ്ഞുവായനയുടെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് ഈ കുഞ്ഞുമക്കൾ ആണ്.

എല്ലാ ശനിയും 5 മണിക്ക് ക്ലാസ് ഗ്രൂപ്പിലൂടെയാണ് വായന നടത്തുന്നത്. ഓരോ ആഴ്ചയിലും ഓരോ കുട്ടിയായിരിക്കും സ്വാഗതം പറയുന്നതും നന്ദി പറയുന്നതും. കുട്ടി സ്വാഗതം പറയുന്ന വീഡിയോ ടീച്ചർ ക്ലാസ് ഗ്രൂപ്പിൽ ഇട്ടതിനുശേഷം ക്ലാസ് ടീച്ചർ വായന കാർഡ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു. കുട്ടികൾ വായിക്കുന്നു. ഇതിന്റെ വലിയ ഒരു പ്രത്യേകത വായനയിലൂടെ അറിവ് നേടുക മാത്രമല്ല ഒരു പരിപാടി എങ്ങനെ നിയന്ത്രിക്കാം എന്നതും കൂടി കുട്ടി ഇതിൽ നിന്നും പഠിക്കുന്നു.

## പത്രവായന

UKG ക്ലാസിലെ മറ്റൊരു മികവ് പ്രവർത്തനമാണ് പത്രവായന. ഓരോ ദിവസവും രണ്ട് കുട്ടികൾ വീതം പത്രത്തിന്റെ വലിയ തലക്കെട്ടുകൾ വായിക്കുന്നു. ഇത് കുട്ടികൾക്ക് വായനയുടെ പ്രാധാന്യവും പലതരത്തിലുള്ള അറിവുകളും നൽകുന്നു. പത്രവായന നമ്മുടെ ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണെന്ന് കുട്ടികൾക്ക് തിരിച്ചറിഞ്ഞു.

## കുഞ്ഞു കഥ

എൽ.കെ.ജി യിൽ നടത്തുന്ന ഒരു മികവ് പ്രവർത്തനമാണ് കുഞ്ഞുകഥ. കുട്ടികൾ കുഞ്ഞുകഥകൾ പറയുന്നതിലൂടെ കുട്ടികളെ വായനയുടെ ലോകത്തിലേക്ക് കൈ പിടിച്ച് ഉയർത്താനാവും.

ആഴ്ചയിൽ നടത്തുന്ന ഒരു പരിപാടിയാണ് കുഞ്ഞു കഥ. ആഴ്ചയിൽ അഞ്ചോ ആറോ കുട്ടികൾ ഗ്രൂപ്പിൽ കഥ പറയുന്നു. അങ്ങനെ ഒരു മാസത്തിൽ എല്ലാ കുട്ടികളും കഥ പറയുന്നു.

## കടങ്കഥ പയറ്റ്.

യു.കെ.ജി യിലെ മറ്റൊരു മികവ് പ്രവർത്തനമാണ് കടങ്കഥ പയറ്റ്. ഓരോ ആഴ്ച്ചയിലും മൂന്ന് കടങ്കഥകൾ വീതം ക്ലാസ് ഗ്രൂപ്പിൽ ഇട്ടു കൊടുക്കും. അത് കുട്ടികൾ പഠിച്ചതിന് ശേഷം ഓരോ മാസത്തിന്റെയും അവസാനത്തിൽ കടങ്കഥ പയറ്റ് മത്സരം ക്ലാസിൽ നടത്തും. അതിൽ വിജയിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകും. ഇന്നത്തെ തലമുറയിലെ കുട്ടികൾക്ക് ഇങ്ങനെയുള്ള രീതിയിൽ ഉള്ള പഠനവും മത്സരവും നടത്തിയാൽ കുട്ടികളിൽ ഓർമ്മശക്തി വർദ്ധിക്കുവാനും അവരുടെ കഴിവ് വർദ്ധിക്കുവാനും വളരെയധികം സഹായമാകും.

പ്രിയ രക്ഷിതാക്കളെ കുട്ടിയുടെ ആദ്യ വിദ്യാഭ്യാസ അനുഭവം സ്നേഹവും കരുതലും നിറഞ്ഞിരിക്കേണ്ടതാണ് . ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പ്രീ പ്രൈമറി വിഭാഗത്തിന് ഏറ്റവും അനുയോജ്യമായ രീതിയിലാണ് ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത് . കളികളിലൂടെയും വിനോദത്തിലൂടെയും സ്നേഹ പരിചരണങ്ങളിലൂടെയും പഠനത്തിന് കുട്ടിയുടെ മനസ്സിനെയും ശരീരത്തെയും പാകപ്പെടുത്തിയെടുക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ ബോധപൂർവ്വം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാൻ അനുസരിച്ചായിരിക്കും ഞങ്ങളുടെ ഈ വർഷത്തെ പ്രവർത്തനം എന്ന് അഭിമാനപൂർവ്വം നിങ്ങളെ അറിയിക്കട്ടെ . ഓരോ കുഞ്ഞിന്റെ ഭാവിയെയും സ്നേഹത്തോടെയും കരുതലോടെയും ആസൂത്രണം ചെയ്യുമ്പോൾ വിദ്യാലയം ഒരു സ്നേഹത്തിന്റെ ശാലയായി മാറുന്നു. ഞങ്ങളുടെ സ്വപ്ന പദ്ധതികൾ നടപ്പിലാക്കാനുള്ള ചിന്തയും അഭ്യർത്ഥിച്ച് കൊണ്ട് വളരെ അഭിമാനത്തോടെ പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.